# പ്രാർത്ഥനാ മുറികൾ

## മഹിളാചന്ദ്രിക ,ഡിസംബർ, 2015

അനുഗ്രഹീതമായിരിക്കണം നമ്മുടെ വീടിൻറെ ഓരോ കോണുകളും. ദിവ്യമായ അനുഭൂതി നൽകാൻ കഴിയണം അതിലെ ഓരോ ഘടകങ്ങൾക്കും. ഓരോ അണുവിലും ദൈവസാന്നിദ്ധ്യം ഉണ്ടാകുമ്പോൾ മാത്രമേ നമ്മുടെ വീടുകൾക്ക് ജീവനും ആത്മാവും ലഭിക്കൂ. വീട് എത്ര വലുതായാലും ചെറുതായാലും നമ്മുടെ സ്ഥല-സാമ്പത്തിക പരിമിതികൾക്കനുസരിച്ച്, വിശ്വാസലക്ഷ്യങ്ങൾക്കനുസരിച്ചുള്ള ഒരു പ്രാർത്ഥനാമുറി സജ്ജീകരിക്കുന്നത് എന്ത് കൊണ്ടും ഉത്തമമാണ്.

ദൈവസാന്നിദ്ധ്യം വീടുകളിൽ നിന്നും അപ്രത്യക്ഷമായതാവാം ഇന്ന് മിക്ക ആളുകളിലും വീടുകളിലും കാണുന്ന ആരോഗ്യ-മാനസിക സംഘർഷങ്ങൾക്ക് ഒരു കാരണം. ഏതു വിധേനെയുമുള്ള നേട്ടങ്ങൾക്ക് പിന്നാലെ ഓടാൻ ശ്രമിക്കുന്ന പുതുതലമുറ വിളയും മുമ്പേ വാടിപ്പോകുന്നതും ഈ ഈശ്വരസാന്നിദ്ധ്യം ഇല്ലാത്തതിനാലാവാം. പഴയ തലമുറ അനുഭവിച്ച, അഭ്യസിച്ച വിശ്വാസപാഠങ്ങളൊന്നും വളർന്നു വരുന്ന കുഞ്ഞുമക്കൾക്ക് അന്യമാവുന്നതും ഇതുകൊണ്ടാവാം. ആയതിനാൽ, കാഴ്ച്ചക്കും അലങ്കാരത്തിനുമപ്പുറം നമ്മുടെയും വരും തലമുറയുടെയും ഐശ്വര്യജീവിതത്തിനും നന്മനിറഞ്ഞ അറിവിനും അനിവാര്യം തന്നെയാണ് പ്രാർഥനാമുറികൾ.

മതപരമായ വിശ്വാസങ്ങൾക്ക് വലിയ പ്രാധാന്യം തന്നെ നൽകുന്നവരാണ് പൊതുവെ നമ്മൾ മലയാളികൾ. പഴയ തറവാടുകളിൽ വീടിനോടനുബന്ധിച്ചു, വിശ്വാസ രീതികൾക്കനുസരിച്ച് ചെറിയ രീതിയിൽ ആരധനായിടങ്ങൾ വീട്ടുവളപ്പിൽ തന്നെ നിർമ്മിക്കുന്നത് പതിവായിരുന്നു. അത്തരം നിർമ്മിതികൾ അന്നത്തെ ഐശ്വര്യപൂർണ്ണമായ ജീവിതത്തിൻറെ ഭാഗം തന്നെയായിരുന്നു.

ഇന്ന് ഓരോ ആധുനിക വീടിൻറെയും അകത്തളങ്ങളിലെ കോമണ് ഏരിയകളിലെ ഒരു അവിഭാജ്യ ഘടകം തന്നെയാണ് പ്രാർത്ഥന മുറികൾ(PRAYER ROOMS). വിശ്വാസ പ്രമാണങ്ങൾക്ക് അനുസരിച്ച് ഏറ്റവും അനുയോജ്യമായ ഒരിടമാണ് ഇതിനായി ഒരുക്കേണ്ടത്. ഇസ്ലാം മതപ്രകാരം പടിഞ്ഞാറ് ദിശയിലേക്കാണ് പ്രാർത്ഥന മുറി രൂപപ്പെടുത്തേണ്ടത്. വസ്തു പ്രകാരം പൂജാമുറികൾ കിഴക്ക്-പടിഞ്ഞാറ് ദിശയിലാണ് വേണ്ടത്. ഒരുമിച്ചിരുന്നു പ്രാർത്ഥിക്കാൻ അനുയോജ്യമായ കിഴക്ക്-പടിഞ്ഞാറ് ദിശയിലുള്ള ഒരു സ്പേസ് തന്നെയാണ് ക്രിസ്തീയ വിശ്വാസ പ്രകാരവും. ആവശ്യത്തിനു വെളിച്ചവും, പൊസിറ്റീവ് എനർജിയും ലഭ്യമാകുന്ന ഒരിടമാണ് ഇവക്കും ഏറ്റവും അനുയോജ്യം. ലൈറ്റ് കളർ മെറ്റീരിയലുകൾ ഫ്ലോറിൽ ഉപയോഗിക്കുന്നതാണ് ഇവിടെ നല്ലത്. കൂടാതെ, ഫ്ലോർ മാറ്റുകൾ, കാർപെറ്റുകൾ, തിരി കൊളുത്തിവെക്കാനുള്ള ഗ്രാനൈറ്റ് ടോപുകൾ, മെഴുകുതിരി സ്റ്റാൻറ് എന്നിവയൊക്കെയാണ് സാധാരണ ഇവിടെ കണ്ടു വരാറുള്ളത്. ഏകദേശം 50 സ്ക്വ.ഫീറ്റിൽ കുറഞ്ഞ ഒരു ഏരിയ മതിയാവും എല്ലാ സൗകര്യങ്ങലുമുള്ള ഒരു നല്ല പ്രാർത്ഥനാമുറിക്ക്. അനുയോജ്യമായ പെയിൻറിങ്ങുകൾ, വാൾ പിക്ച്ചറുകൾ, ലൈറ്റുകൾ എന്നിവയൊക്കെനൽകി ഒരു ദിവ്യ അനുഭൂതി ഇവിടങ്ങളിൽ കൊണ്ടുവരാവുന്നതാണ്. കുട്ടികളുടെയും മറ്റും നിരന്തര ഇടപെടലുകളില്ലാത്ത തികച്ചും വ്യത്തിയുള്ള ഇടം തന്നെയാണ് ഇതിനായി തിരഞ്ഞെടുക്കേണ്ടത്. പ്ലാനിങ്ങ് സമയത്ത് തന്നെ ഇത് ശ്രദ്ധിക്കുന്നത് നല്ലതാണ്. വീടിനുള്ളിൽ നിന്ന് വെളിയിലിറങ്ങുമ്പോഴും അകത്തേക്ക് കേറുമ്പോഴും കാണാൻ പാകത്തിലാണ് ഇവ സംവിധാനിക്കാൻ ഉചിതം. കാരണം ദൈവിക ചിന്ത തരുന്ന ആത്മ ശാന്തിയും പോസിറ്റീവ് എനർജിയും തെല്ലും ചെറുതല്ല.